**നം.ബി1/8224/2011/ഡി.പി.ഐ.**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി:16/02/2011.

## സർക്കുലർ നമ്പർ.II

**വിഷയം:** പൊതു വിദ്യാഭ്യാസം - ജീവനക്കാര്യം - പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ അദ്ധ്യാപകർ, പ്രൈമറി വിഭാഗം പ്രധാനാദ്ധ്യാപകർ/ പ്രൈമറി അദ്ധ്യാപകർ എന്നിവരുടെ 2011-2012 അദ്ധ്യയന വർഷത്തേയ്ക്കുള്ള പൊതു സ്ഥലം മാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള പുതുക്കിയ നിർദ്ദേശങ്ങൾ സംബന്ധിച്ച്.

**സൂചന:** 07/02/2011 തീയതിയിലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നമ്പർ സർക്കുലർ.I

പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ അദ്ധ്യാപകർ, പ്രൈമറി വിഭാഗം പ്രധാനാദ്ധ്യാപകർ/ പ്രൈമറി അദ്ധ്യാപകരിൽ നിന്നും 2011-2012 അദ്ധ്യയന വർഷത്തേക്കുള്ള പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നു.

ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സംബന്ധിച്ച വിവരം www.transferandpostings.in എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. അപേക്ഷകന് ഒരു അപേക്ഷ മാത്രമേ രജിസ്റ്റർ ചെയ്യുവാൻ അനുവദിക്കുകയുള്ളൂ. അപേക്ഷകർക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനായി ഇന്റർനെറ്റ് സൗകര്യമുള്ള ഏത് കമ്പ്യൂട്ടറും ഉപയോഗിക്കാവുന്നതാണ്.

ദീർഘമായ അവധിയിൽ നിൽക്കുന്നവർക്കും അനന്യസേവനത്തിൽ തുടരുന്നവർക്കും അപേക്ഷ സമർപ്പിക്കാവുന്നതല്ല. 21/02/2011 മുതൽ 28/02/2011 വരെ അപേക്ഷ രജിസ്റ്റർ ചെയ്യാവുന്നതാണ്.

സ്ഥലംമാറ്റത്തിനു അപേക്ഷ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്ന അദ്ധ്യാപകർ, പ്രൈമറി പ്രഥമ അദ്ധ്യാപകർ www.transferandpostings.in എന്ന വെബ്സൈറ്റിൽ നിന്നും ഓൺലൈൻ രജിസ്ട്രേഷനുള്ള അപേക്ഷ ലഭിക്കുന്നതാണ്.

സ്ഥലംമാറ്റത്തിനുള്ള മുഖ്യപരിഗണന പ്രസ്തുത തസ്തികയിലെ സേവനകാല ദൈർഘ്യം (സീനിയോറിറ്റി) ആണ്. തുടർന്നുള്ള ഭാഗങ്ങളിൽ സ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളെ സംബന്ധിച്ച് താഴെപ്പറയും പ്രകാരം പ്രതിപാദിച്ചിട്ടുണ്ട്.